LIBRARY ARCHIVES Kerala Legislative Assembly

കെട്ടിട നിർമ്മാണ സ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റ്

281 (970) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ സ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സുരക്ഷാ മാന്വൽ തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ;

(സി) ഓഡിറ്റിംഗ് നടത്തുന്നതിന് നിലവിൽ ഏതെല്ലാം ഏജൻസികളെയാണ് നിയോഗിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ചട്ടങ്ങളിലെ വ്യവസ്ഥകൾ ഇക്കാര്യത്തിൽ പരിഗണിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ചും അവ ഉറപ്പുവരുത്തുന്ന രീതികളെ സംബന്ധിച്ചും ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് - 1996-ൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. മേൽ നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ തൊഴിലുടമ സജ്ജീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള സുരക്ഷാ സംവിധാനങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിലേയ്ക്കായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് -1, ജില്ലാ ലേബർ ഓഫീസർ (ഇ) എന്നിവർ സ്ഥാപനങ്ങളിൽ കർശന പരിശോധനകൾ നടത്തുന്നുണ്ട്. ഇപ്രകാരം 2014 വർഷത്തിൽ സംസ്ഥാനത്താകമാനം ടി നിയമം അനുസരിച്ച് 475 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് 53 സ്ഥാപനങ്ങൾക്ക് സ്റ്റോപ് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 40 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുമുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്. ആയത് തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ ഭേദഗതി വരുത്തി 10-1-2014-ൽ ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ഭേദഗതി വരുത്തുന്നതിന് നഗരകാര്യ വകുപ്പിൽ തുടർ നടപടികളെടുത്തു വരുന്നു.

(ഡി) കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഹെൽത്ത് ആന്റ് സേഫ്റ്റി മാന്വൽ തയ്യാറാക്കിയിട്ടുള്ളത്.

പീലിംഗ് തൊഴിലാളികളുടെ ക്ഷേമം

282 (971) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കമ്മീഷന്റെ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) മത്സ്യമേഖലയിലെ പീലിംഗ് ഷെഡ്ഡുകളിലെ സംസ്കരണ ശാലയിൽ ജോലി തേടുന്ന തൊഴിലാളികളുടെ സാഹചര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാരിന്റെ 2-1-2009 തീയതിയിലെ ജി.ഒ. (ആർടി.) നമ്പർ 04/09/മ.ഇ.വ. പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി (ഫിഷറീസ്) ചെയർമാനായും ഫിഷറീസ് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളടങ്ങിയ പ്രസക്ത ഭാഗം (മലയാള പരിഭാഷ) അനുബന്ധമായി ചേർക്കുന്നു.*

(ബി) വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിക്കുകയും വിദഗ്ധ സമിതി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വിവിധ പ്രശ്നങ്ങൾ ഒരു ഏജൻസിക്കുമാത്രം പരിഹരിക്കാൻ കഴിയുന്നതല്ലാത്തതിനാൽ വിവിധ വകുപ്പുകളായ തൊഴിൽ, ആരോഗ്യം, തദ്ദേശസ്വയംഭരണ വകുപ്പ്, മലിനീകരണ നിയന്ത്രണ വകുപ്പ് മുതലായവ സ്വീകരിക്കുന്ന നടപടികൾ ഏകോപിപ്പിച്ച് തൊഴിലാളികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly